ദേശാഭിമാനി

17 November 2016

►പ്രകൃതിസൗഹൃദ മത്സ്യപരിപാലനം

# സിഎംഎഫ്ആർഐയിൽ ദേശീയ ശിൽപ്പശാല തുടങ്ങി

കൊച്ചി > പ്രകൃതിസൗഹൃദ മത്സ്യപരിപാലനം ലക്ഷ്യമിട്ട് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണസ്ഥാപനം (സിഎംഎഫ്ആർഐ) നടത്തുന്ന ദേശീയ ശിൽപ്പശാല തുടങ്ങി. യുകെയിലെ പ്രമുഖ സമുദ്ര ശാസ്ത്രജ്ഞൻ പ്രൊഫ. ട്രെവർ പ്ലാറ്റ് ഉദ്ഘാടനംചെയ്തു. മത്സ്യമേഖലയിൽ പുരോഗതി കൈവരിക്കുന്നതിന് റിമോട്ട് സെൻസിങ്പോലുള്ള ഉപഗ്രഹ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുന്നതിന് ഇന്ത്യ പ്രാധാന്യം നൽകണമെന്ന് അദ്ദേഹം പറഞ്ഞു. മറ്റ് പല മേഖലകളിലും ഉപഗ്രഹ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്താൻ ഇന്ത്യക്ക് കഴിഞ്ഞിട്ടുണ്ട്. എന്നാൽ, ഇത്തരം വിദ്യകൾ മത്സ്യമേഖലയിൽക്കൂടി പ്രയോജനപ്പെടുത്തണം. മത്സ്യസമ്പത്ത് കുറഞ്ഞുവരുന്നതടക്കം നിരവധി പ്രതിസന്ധികൾ ഇന്ത്യയിലെ മത്സ്യമേഖലയിലുണ്ട്. സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുന്നതോടൊപ്പം സമുദ്ര ആവാസവ്യവസ്ഥയ്ക്ക് പ്രാധാന്യം നൽകിയുള്ള ഫിഷറീസ് പരിപാലനരീതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനും ഇന്ത്യയിലെ ശാസ്ത്രസമൂഹം തയ്യാറാകണമെന്നും അദ്ദേഹം പറഞ്ഞു.

ഡോ. ശുഭ സത്യേന്ദ്രനാഥ്, ഡോ. പി യു സക്കറിയ, ഡോ. ഗ്രിൻസൻ ജോർജ് എന്നിവർ സംസാരിച്ചു. സിഎംഎഫ്ആർഐയുടെ ജവാഹർലാൽ നെഹ്റു സയൻസ് ഫെലോഷിപ്പിനുകീഴിൽ പ്രവർത്തിക്കുന്ന ഗവേഷണ സംരംഭങ്ങളുടെ ഭാഗമായാണ് നാഷണൽ ഇന്നൊവേഷൻസ് ഇൻ ക്ലൈമറ്റ് റെസിലിയന്റ് അഗ്രികൾചർ (നിക്ര) പ്രോജക്ടിന്റെ സാമ്പത്തികസഹായത്തോടെ ശാസ്ത്രീയ പരിശീലനപരിപാടി സംഘടിപ്പിക്കുന്നത്. മത്സ്യസമ്പത്ത് കുറഞ്ഞുവരുന്ന പശ്ചാത്തലത്തിൽ പ്രകൃതിസൗഹൃദ ഫിഷറീസ് പരിപാലനരീതികൾ രാജ്യത്ത് പ്രചരിപ്പിക്കുന്നതിനും ശിൽപ്പശാല ലക്ഷ്യമിടുന്നു. ഡിസംബർ ആറിന് സമാപിക്കും.